## *ST ANTONY'S H.S.S, POONJAR*

## *LK MAGAZINE*

# *CAMPUS ROOTS 2019-2020*

# INDRUDUCTION

WE,

THE LITTLE KITES MEMBERS

OF

ST ANTONY'S H.S.S, POONJAR

PROUDLY PRESENTS

OUR

E-MAGAZINE

'CAMPUS ROOTS 2019-2020'

FOR THE VIEWERS

# *INDEX*


1 *LITTLE KITES STATE PARTICIPANTS*

2 **PRESENTING THE PROJECT**

3 ***ATTENDING EXPERTS CLASS***

4 ***AT START UP VILLAGE***

5 **ATTENDING VIDEO CONFERENCE**

6 **VIDEO SHOOTING BY L K MEMBERS**

8 INTRODUCING MOTHERS TO THE WORLD OF TECHNOLOGY

9 **INAUGURATION OF YOUTUBE CHANNEL**

10 പൗച്ച് നിർമ്മാണം

11 *CICSA പരിശീലന പദ്ധതി*

12 ***ഫോട്ടോ-വീഡിയോ ഡോക്യുമെന്റേഷൻ***

13 കനിവിന്റെ കരങ്ങൾ

14 *പാഠം ഒന്ന്.. പാടത്തേക്ക്..'.*

15 പൂഞ്ഞാർ സെന്റ് ആന്റണീസിൽ പൗൾട്ടി ക്ലബ്ബ്

16 ***SPOKEN ENGLISH CLASS***

18 പരിസ്ഥിതി സംരക്ഷണ സന്ദേശം

19 ***YOU TUBE CHANNEL NEWS COLLECTION***

20 ആദരവിന്റെ കൈകള്

21 **പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കി സെൻറ് ആൻറണീസ് സ്കൂൾ**

22 **സെൻറ് ആൻറ്ണീസ് അഭിമാന ജേതാക്കൾ**

24 ആര്ദ്രം ജനകീയ ക്യാംപയിന്

25 **രക്ഷകനായി പൂഞ്ഞാര് ബ്ലോഗ്**

26 പൂഞ്ഞാർ സെന്റ് ആന്റണീസ് സ്കൂള്കലോത്സവം

27 **THE FOOLISH CROW AND THE CUNNINGFOX**

28 **മഞ്ഞക്കിളിയും തത്തമ്മയും**

29 **അമ്മ**


30 Creativity Gallery

31 THANKS TO ALL

# ***2019 St. Antony's ACHIEVEMANTS***

## ***LITTLE KITES STATE PARTICIPANTS***

## ***ALEN JIMMY & MARVEL S KUTTIYANI***








# ST ANTONY'S PROUD

## PRESENTING THE PROJECT
## WITH OUR EDUCATION MINISTER SRI.RAVENDRANATH

**ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്കൊപ്പം ..**
*കൊച്ചി കളമശ്ശേരിയിലെ സ്റ്റാർട്ടപ് മിഷനിൽ നടന്ന ലിറ്റിൽ കൈറ്റ്സ് പ്രഥമ സംസ്ഥാന ക്യാമ്പിൽ, പൂഞ്ഞാർ സെന്റ് ആന്റണീസിലെ മാർവെൽ എസ്. കുറ്റിയാനി, അലൻ ജിമ്മി എന്നിവർ ചേർന്ന് അവതരിപ്പിച്ച പ്രോജക്ട്, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് വീക്ഷിക്കുന്നു.*







# ATTENDING EXPERTS CLASS






# AT START UP VILLAGE






# ATTENDING VIDEO CONFERENCE

*സൂം വീഡിയോ കോൺഫറൻസ് നടന്നു..* ഒൻപതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കായുള്ള പ്രത്യേക 'സൂം വീഡിയോ കോൺഫറൻസ് ' പരിശീലനം കഴിഞ്ഞ ദിവസം നടന്നു. ഹൈസ്കൂൾ കുട്ടികളുടെ അമ്മമാർക്കായി നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രത്യേക *IT* പരിശീലനത്തിന് മുന്നോടിയായി, അതിന് നേതൃത്വം നൽകുന്ന ലിറ്റിൽ കൈറ്റ്സിനാണ്, ജാൻസി ടീച്ചറിന്റെയും സാൻസിയ ടീച്ചറിന്റെയും നേതൃത്വത്തിൽ പരിശീലനം നൽകിയത്.



## VIDEO SHOOTING BY L K MEMBERS

*പൂഞ്ഞാർ സെന്റ് ആന്റണീസിൽ നടന്ന പ്രസംഗ മത്സരത്തിന്റെ ഫോട്ടോ-വീഡിയോ ഡോക്യുമെന്റേഷൻ ചുമതല ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വഹിച്ചു.ലോക ഫോട്ടോഗ്രഫി ദിനത്തിൽ  പരിശീലനത്തിനു ശേഷം പുതിയ ബാച്ചിനെ ഏൽപ്പിച്ച ആദ്യ ചുമതല, ആൺ-പെൺ വ്യത്യാസമില്ലാതെ അവർ ഭംഗിയായി നിർവ്വഹിച്ചു.*





## INTRODUCING MOTHERS TO THE WORLD OF TECHNOLOGY


*മാതാക്കൾക്കുള്ള IT ശാക്തീകരണ പരിപാടി പൂഞ്ഞാർ സെന്റ് ആന്റണീസിൽ നടന്നു..*

പൂഞ്ഞാർ സെന്റ് ആന്റണീസിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ, അമ്മമാർക്കായി, കുട്ടികളെ സ്മാർട്ട് ഫോൺ ആപ്ലിക്കേഷനുകളിലൂടെ പഠനപ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനുള്ള പ്രത്യേക പരിശീലനം നടന്നു. സ്കൂളിലെ IT ലാബിൽ നടന്ന പരിശീലനം MPTA പ്രസിഡന്റ് ആഷാ ജോസ് ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ ജോസ് ജോർജ് സ്വാഗതം ആശംസിച്ചു.



# *INAUGURATION OF YOUTUBE CHANNEL*

## ദീപിക മുൻ ചീഫ് എഡിറ്റർ ഫാ. അലക്സാണ്ടർ പൈകട സി. എം. ഐ. ചാനൽ ഉദ്ഘാടനം ചെയ്തു



# പൗച്ച് നിർമ്മാണം

*പാഴ് വസ്തുക്കളിൽനിന്ന് പരിസ്ഥിതി സൗഹൃദ പൗച്ച് നിർമ്മിച്ച് പൂഞ്ഞാർ സെന്റ് ആന്റണീസിലെ കുട്ടികൾ..*



പാഴ് വസ്തുക്കളിൽനിന്ന് പരിസ്ഥിതി സൗഹൃദ പഴ്സ് നിർമിച്ച് പൂഞ്ഞാർ സെന്റ് ആന്റണീസിലെ കുട്ടികൾ.

## പരിസ്ഥിതിക്കിണങ്ങുന്ന പഴ്സുമായി വിദ്യാർഥികൾ

പൂഞ്ഞാർ • ഉപയോഗശൂന്യമായ വസ്ത്രത്തിന്റെ ഭാഗങ്ങൾ ഉപയോഗിച്ച് പരിസ്ഥിതിക്കിണങ്ങുന്ന പഴ്സ് നിർമിച്ച് നാടിന് മാതൃകയാകുകയാണ് സെന്റ് ആന്റണീസിലെ വിദ്യാർഥികൾ. വിപണിയിൽ 30 മുതൽ 50 രൂപ വരെ വില വരുന്ന പഴ്സുകൾ നിർമിക്കാൻ കുട്ടികൾക്ക് 5 രൂപയിൽ താഴെ മാത്രമാണ് ചെലവു വന്നത്.

നിർമാണത്തിനാവശ്യമായ കുറച്ചു സിബ്ബുകൾ മാത്രമാണ് വില നൽകി വാങ്ങിയത്. മറ്റുള്ള സാമഗ്രികൾ ഉപയോഗശൂന്യമായ വസ്ത്രങ്ങളിൽ നിന്നും പഴയ ബാഗുകളിൽ നിന്നും കണ്ടെത്തി.

നല്ലപാഠം പദ്ധതിയുടെ ഭാഗമായി 30 കുട്ടികളാണ് ആദ്യഘട്ടത്തിൽ പരിശീലനം നേടിയത്. ഇവരുടെ നേതൃത്വത്തിൽ താൽപര്യമുള്ള എല്ലാ കുട്ടികളെയും പഴ്സ് നിർമാണം പരിശീലിപ്പിക്കുകയാണ് രണ്ടാം ഘട്ടത്തിൽ പദ്ധതിയിട്ടിരിക്കുന്നത്.

ഹെഡ്മാസ്റ്റർ ജോസ് ജോർജ് പരിപാടി ഉദ്ഘാടനം ചെയ്തു. അധ്യാപിക ബിന്ദു ജോൺ, നല്ലപാഠം കോ-ഓർഡിനേറ്റർമാർ തുടങ്ങിയവർ പരിശീലനത്തിന് നേതൃത്വം നൽകി.

നല്ല പാഠം
കുട്ടികൾ രചിക്കുന്ന കേരളം

## CICSA പരിശീലന പദ്ധതി

*CICSA-യുടെ (Chavara Institute for Civil Service Aptitude) പരിശീലന പദ്ധതിക്ക് തുടക്കമായി..*

പൂഞ്ഞാർ സെന്റ് ആന്റണീസിലെ 5 മുതൽ 9 വരെ ക്ലാസുകളിലെ കുട്ടികൾക്ക്, PSC പരീക്ഷകൾക്കും സിവിൽ സർവ്വീസ് പരീക്ഷക്കും അടിസ്ഥാനം ലഭിക്കത്തക്കവിധം നടത്തുന്ന പ്രത്യേക പരിശീലനം ആരംഭിച്ചു.



## *Video Shooting Class By TONY THOMAS*
*FOR LK MEMBERS*



## കനിവിന്റെ കരങ്ങൾ

*പ്രളയബാധിതരെ സഹായിക്കുവാൻ കനിവിന്റെ കരങ്ങൾനീട്ടിയ പൂഞ്ഞാർ സെന്റ് ആന്റണീസിലെ കുരുന്നുകൾ..ബുധനാഴ്ച്ച മൈക്കിൽകൂടി ഒരു അറിയിപ്പ്.. അന്നു വൈകിട്ട് രക്ഷിതാക്കളുടെ ഗ്രൂപ്പിൽ ഒരു വാട്സാപ്പ് മെസേജ് .. വ്യാഴാഴ്ച്ച ആദ്യ പീരിയഡിൽ കുട്ടികൾ സമാഹരിച്ചത് പതിനായിരത്തി ഒരുന്നൂറ്റി നാല് രൂപ..! കൂടാതെ, കുറേ നോട്ടുബുക്കുകളും പേനകളും..




.

## പാഠം ഒന്ന്.. പാടത്തേക്ക്..'.

*വിദ്യാർത്ഥികളിൽ കൃഷി അറിവും നെല്ലിന്റെ പ്രസക്തിയും പ്രചരിപ്പിക്കുന്നതിനായി, കേരള സർക്കാരിന്റെ കൃഷി-വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി നേതൃത്വം വഹിക്കുന്ന പദ്ധതിയാണ് 'പാഠം ഒന്ന്.. പാടത്തേക്ക്..'.*






## <u>പൂഞ്ഞാർ സെന്റ് ആന്റണീസിൽ പൗൾട്ടി ക്ലബ്ബ്</u>

കുട്ടികളിൽ മൃഗസംരക്ഷണത്തിലും കൃഷിയിലും താത്പ്പര്യം ജനിപ്പിക്കുവാനും അവരിൽ ആരോഗ്യവും സമ്പാദ്യശീലവും വളർത്തുവാനുമായി പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂളിൽ പൗൾട്ടി ക്ലബ്ബിന് തുടക്കമായി. യു.പി. വിഭാഗത്തിലെ അൻപത് കുട്ടികൾക്ക് അഞ്ച് വീതം ആകെ ഇരുന്നൂറ്റി അൻപത് കോഴിക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്തത്. കോഴിത്തീറ്റയും മരുന്നും ഇതിനൊപ്പം നൽകി.



## *SPOKEN ENGLISH CLASS*

ഹോക്കിയും പന്തുകളിയും ഇന്റർവ്യൂവും പാട്ടും ഗ്രൂപ്പ് പ്രവർത്തനങ്ങളുമെല്ലാം കുട്ടികളെ ആവേശഭരിതരാക്കി. ഇംഗ്ലീഷ് ഭാഷ ലളിതമായി മനസിലാക്കുവാൻ ഈ രസകരമായ പ്രവർത്തനങ്ങൾ ഉപകരിക്കും.



## പരിസ്ഥിതി സംരക്ഷണ സന്ദേശം

സ്വീഡിഷ് പെണ്കുട്ടിയായ ഗ്രെറ്റ തേണ്ബര്ഗ് പരിസ്ഥിതി സംരക്ഷണ സന്ദേശവുമായി ആരംഭിച്ച 'ഗ്ലോബല് വീക്ക് ഫോര് ഫ്യൂച്ചര്' ക്യാമ്പയിന്, പൂഞ്ഞാര് സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂളിൽ തുടക്കം കുറിക്കുവാൻ എത്തിയത് 'അഴകനും പൂവാലിയും' പ്രകൃതി നശീകരണവും പരിസ്ഥിതി മലിനീകരണവുംമൂലം വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളുടെ പ്രതിനിധികളായ മത്സ്യങ്ങളായാണ് അഴകനും പൂവാലിയും വേദിയിൽ എത്തിയത്. '



# പൂഞ്ഞാർ സെന്റ് ആന്റണീസിൽ ഗ്ലോബൽ വീക്ക് ഫോർ ഫ്യൂച്ചർ കാമ്പയിൻ

**പൂഞ്ഞാർ:** സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിൽ ഗ്ലോബൽ വീക്ക് ഫോർ ഫ്യൂച്ചർ കാമ്പയിന് തുടക്കം കുറിക്കുവാൻ എത്തിയത് 'അഴകനും പൂവാലി'യും. പരിസ്ഥിതി സംരക്ഷണ സന്ദേശത്തിലൂടെ പ്രശസ്തമായ രണ്ടു മത്സ്യങ്ങൾ എന്ന ചെറുകഥയിലെ ഈ പ്രധാന കഥാപാത്രങ്ങളായി വേഷമിട്ടത് സ്കൂളിലെ അന്റോണിയൻ ക്ലബ് വിദ്യാർഥികളാണ്. പ്രകൃതി നശീകരണവും പരിസ്ഥിതി മലിനീകരണവുംമൂലം വംശനാശഭീഷണി നേരിടുന്ന ജീവജാലങ്ങളുടെ പ്രതിനിധികളായ മത്സ്യങ്ങളായാണ് അഴകനും പൂവാലിയും വേദിയിൽ എത്തിയത്. സ്വീഡിഷ് പെൺകുട്ടിയായ ഗ്രെറ്റ തേൺബർഗാണ് പരിസ്ഥിതി സംരക്ഷണ സന്ദേശവുമായി ഗ്ലോബൽ വീക്ക് ഫോർ ഫ്യൂച്ചർ കാമ്പയിൻ ആരംഭിച്ചത്.

സ്കൂളിലെ ചാവറ ഹാളിൽ നടന്ന യോഗത്തിൽ ഹെഡ്മാസ്റ്റർ ജോസ് ജോർജ് പരിപാടി ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി സംരക്ഷണ ഗാനവും പ്രതിജ്ഞയും പ്രഭാഷണവും സമ്മേളനത്തിന്റെ ഭാഗമായി നടന്നു. മനുഷ്യന്റെ വീണ്ടുവിചാരമില്ലാത്ത പ്രവൃത്തികളുടെ ഫലമായ പ്രകൃതിദുരന്തങ്ങളിൽ, ഉടൻ ചെയ്യേണ്ട പ്രഥമ ശുശ്രൂഷകളെക്കുറിച്ച് ഈരാറ്റുപേട്ട ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ഓഫീസർ അനൂപ് പി. രവീന്ദ്രൻ ക്ലാസ് നയിച്ചു. അന്റോണിയൻ ക്ലബ് കോ-ഓർഡിനേറ്റർ ടോണി തോമസ് പുതിയാപറമ്പിൽ സ്വാഗതം പറഞ്ഞു.

ഗ്ലോബൽ വീക്ക് ഫോർ ഫ്യൂച്ചർ ആചരണത്തിന്റെ ഭാഗമായി ഷോർട്ട് ഫിലിം, പ്രസംഗമത്സരം, പാഴ്‌വസ്തുക്കൾ കൊണ്ടുള്ള വിവിധ നിർമാണങ്ങൾ, പ്ലാസ്റ്റിക് വിരുദ്ധ ബോധവത്കരണം, കഥ-കവിതാ ഉപന്യാസ മത്സരങ്ങൾ, കൈയെഴുത്ത് മാസിക നിർമാണം തുടങ്ങിയ പ്രവർത്തനങ്ങൾ അടുത്ത ആഴ്ചയിൽ നടക്കും. സ്കൂളിലെ അന്റോണിയൻ ക്ലബിന്റെയും ലിറ്റിൽ കൈറ്റ്സിന്റെയും നേതൃത്വത്തിൽ സ്കൗട്ട് ആൻഡ് ഗൈഡ്, റെഡ് ക്രോസ് യൂണിറ്റുകളുടെ സഹകരണത്തോടെയാണ് പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്.

പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിൽ ഗ്ലോബൽ വീക്ക് ഫോർ ഫ്യൂച്ചർ കാമ്പയിനു തുടക്കംകുറിച്ചുകൊണ്ട് പ്രകൃതി നശീകരണവും പരിസ്ഥിതി മലിനീകരണവുംമൂലം വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളുടെ പ്രതിനിധികളായ മത്സ്യങ്ങൾ അഴകനും പൂവാലിയും വേദിയിൽ എത്തിയപ്പോൾ.

ദീപിക Mon, 23 September 2019 https://epaper.deepika.com/c/43920180



## ***YOU TUBE CHANNEL NEWS COLLECTION***

# പൂഞ്ഞാർ സെന്റ് ആന്റണീസിലെ കുട്ടിറിപ്പോർട്ടർമാർ തിരക്കിലാണ്

പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിലെ അന്റോണിയൻ ന്യൂസ് യൂട്യൂബ് ചാനലിനുവേണ്ടി റിപ്പോർട്ടു തയ്യാറാക്കുന്ന തിരക്കിലാണു കുറച്ചു കുട്ടികൾ. ക്യാമറയുമായി മറ്റൊരു സംഘം ഷൂട്ടിംഗിനു തയ്യാറായി നിൽക്കുന്നു. ആഴ്ചയിൽ ഒരു ദിവസം പൂഞ്ഞാർ സെന്റ് ആന്റണീസ് സ്കൂളും പരിസരവും ഈ രീതിയിലുള്ള ഒരു ഷൂട്ടിംഗ് ലൊക്കേഷനായി മാറിക്കഴിഞ്ഞു.




സ്കൂളിലെ അന്റോണിയൻ ക്ലബിന്റെയും ലിറ്റിൽ കൈറ്റ്സ് ഐ.റ്റി. ക്ലബിന്റെയും നേതൃത്വത്തിൽ ആരംഭിച്ച 'അന്റോണിയൻ ന്യൂസ്' എന്ന യൂ ട്യൂബ് ചാനൽ ശ്രദ്ധേയമായിക്കഴിഞ്ഞു. സ്കൂൾവിശേഷങ്ങളും വിദ്യാഭ്യാസവാർത്തകളും നാട്ടിലെ നല്ല വിശേഷങ്ങളും കുട്ടികൾ കണ്ടെത്തി വാർത്തകളാക്കുന്നു. അഞ്ചുമുതൽ പത്തുവരെ ക്ലാസ്സുകളിലെ കുട്ടികളാണ് അവതാരകരായി എത്തുന്നത്. ഇതിനായി തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കു പ്രത്യേകപരിശീലനവും നൽകും. ക്ലബ് അംഗങ്ങളായ കുട്ടികളുടെയും അധ്യാപകരുടെയും സഹായത്തോടെ വീഡിയോ ചിത്രീകരണം നടത്തി, എഡിറ്റു ചെയ്ത്, യൂട്യൂബ് ചാനലിനുള്ള റിപ്പോർട്ട് തയ്യാറാക്കുന്നു. ഐ.റ്റി. അറ്റ് സ്കൂൾ പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസവകുപ്പിൽനിന്നു ലഭിച്ച ക്യാമറയും സൗജന്യ എഡിറ്റിംഗ് സോഫ്റ്റ്വെയറുമാണ് ഇതിനായി ഉപയോഗിക്കുന്നത്.

ദീപിക മുൻ ചീഫ് എഡിറ്റർ ഫാ. അലക്സാണ്ടർ പൈകട സി.എം.ഐ.യാണ് ചാനൽ ഉദ്ഘാടനം ചെയ്തത്. സ്കൂൾ മാനേജർ ഫാ. ജെയിംസ് നീണ്ടുശേരി സി.എം.ഐ., പ്രിൻസിപ്പൽ എ.ജെ. ജോസഫ്, ഹെഡ്മാസ്റ്റർ ജോസ് ജോർജ്, അന്റോണിയൻ - ലിറ്റിൽ കൈറ്റ്സ് ക്ലബുകളുടെ കോ-ഓർഡിനേറ്റർമാരായ ടോണി തോമസ് പുതിയാപറമ്പിൽ, ജോബിൻ കുരുവിള, ജാൻസി തോമസ്, സാൻസിയ സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു. യൂട്യൂബിൽ അന്റോണിയൻ ന്യൂസ് എന്നു നൽകിയാൽ കുട്ടികളുടെ ഈ ചാനൽ കാണാം.

ദീപനാളം വാരിക
2019 ഡിസംബർ 4

## <u>ആദരവിന്റെ   കൈകള്</u>

*17* പുസ്തകങ്ങളുടെ രചയിതാവായ പൂഞ്ഞാർ സ്വദേശി ശ്രീ. *S.R.* കല്ലാറ്റിനെ ആദരിച്ചുകൊണ്ട്*n* സെന്റ് ആന്റണീസ് സ്കൂള് ഹെഡ് മാസ്റ്ററും എട്ടാം ക്ലാസ്സ് വിദ്യാര്ത്ഥികളും



## പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കി സെൻറ് ആൻറണീസ് സ്കൂൾ

പുതുവര്ഷത്തില് കേരളം പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കിയപ്പോള് അതിനു സഹായകമായ പുതിയൊരു മാര്ഗ്ഗമായി പ്ലാസ്റ്റിക്കിന് ബദല് മാര്ഗ്ഗങ്ങള് സാധ്യമാണെന്ന സന്ദേശം പൊതു സമൂഹത്തിലേക്ക് എത്തിച്ചുകൊണ്ട് സെന്റ് ആന്റണീസ് സ്കൂള്

***Antonian News*** വീഡിയോ ലിങ്ക് - *https://youtu.be/ZzE1gCO9zZ8*





തുണികൾ ഉപയോഗിച്ച് തോരണം നിർമിക്കുന്ന പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥിനികൾ.

# പൂഞ്ഞാർ ചെറുപുഷ്പ ആശ്രമ ദേവാലയ തിരുനാളിന് തുണി ഉപയോഗിച്ച് തോരണം

പൂഞ്ഞാർ • ചെറുപുഷ്പ ആശ്രമ ദേവാലയത്തിൽ പ്രധാന തിരുനാൾ ദിനമായ ഇന്ന് ദേവാലയം അലങ്കരിക്കുന്നത് തുണികൊണ്ടു നിർമിച്ച തോരണങ്ങൾ ഉപയോഗിച്ച്. തിരുനാൾ ദിവസങ്ങളിൽ പള്ളിയും പരിസരവും അലങ്കരിക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് തോരണങ്ങൾക്കു പരിസ്ഥിതി സൗഹൃദമായ ഒരു ബദൽ മാർഗം ആലോചിച്ച ആശ്രമ പ്രിയോർ ഫാ.ജയിംസ് നീണ്ടൂശ്ശേരിയുടെ ആശയമാണ് തുണികൊണ്ടുള്ള തോരണങ്ങൾ. സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂൾ ഈ ആശയം സ്കൂളിൽ പങ്കുവച്ചപ്പോൾ സ്കൂളിലെ നല്ലപാഠം പ്രവർത്തകർ ഈ ദൗത്യം ഏറ്റെടുക്കുകയായിരുന്നു.

പ്ലാസ്റ്റിക്കിനു ബദൽ മാർഗങ്ങൾ സാധ്യമാണെന്നു സന്ദേശം പൊതു സമൂഹത്തിൽ എത്തിക്കുന്നതിനുള്ള അവസരമായി ഈ ഉദ്യമത്തെ കണ്ട ഇവർ ഒഴിവു സമയങ്ങളിൽ അധ്യാപകരുടെയും പിടിഎയുടെയും ക്ലാരമഠത്തിലെ സിസ്റ്റേഴ്സിന്റെയും സഹായത്തോടെ തുണിത്തോരണങ്ങൾ നിർമിക്കുകയായിരുന്നു.

പുതുവർഷത്തിൽ കേരളം പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കിയപ്പോൾ അതിനു സഹായകമായ പുതിയൊരു മാർഗം കാണിച്ചു കൊടുക്കാൻ അവസരം ലഭിച്ചതിന്റെ സന്തോഷത്തിലാണ് പൂഞ്ഞാർ സെന്റ് ആന്റണീസ് കുടുംബവും ചെറുപുഷ്പ ആശ്രമ ദേവാലയവും.

സ്കൂൾ മാനേജർ ഫാ.ജയിംസ് നീണ്ടൂശ്ശേരി, പ്രിൻസിപ്പൽ എ.ജെ. ജോസഫ്, ഹെഡ്മാസ്റ്റർ ജോസ് ജോർജ്, പിടിഎ. പ്രസിഡന്റ് എം.സി. വർക്കി മുതിരേന്തിക്കൽ, ആഷാ ജോസ്, അധ്യാപകർ തുടങ്ങിയവർ നേതൃത്വം നൽകി.

# സെൻറ് ആൻറ്ണീസ് അഭിമാന ജേതാക്കൾ



## ആര്ദ്രം ജനകീയ ക്യാംപയിന്

'വിദ്യാലയത്തിൽനിന്ന് വീട്ടിലേക്ക് ' എന്ന മുദ്രാവാക്യത്തോടെ ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന ആർദ്രം ജനകീയ ക്യാംപയിന്റെ ഭാഗമായി, മഞ്ഞപ്പിത്ത പ്രതിരോധ ബോധവത്ക്കരണവും ക്ലോറിനേഷൻ ഡെമോൺസ്ട്രേഷനും പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂളിൽ നടന്നു. ഹെഡ്മാസ്റ്റർ ശ്രീ. ജോസ് ജോർജ് സ്വാഗതം ആശംസിച്ചു.



## ***രക്ഷകനായി പൂഞ്ഞാർ ബ്ലോഗ്***

പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂളിലെ കുട്ടിയുടെ രക്ഷിതാവിനെ അപകടത്തിൽനിന്ന് രക്ഷിക്കുവാൻ ചാലക്കുടിക്കാരൻ സിന്റോയെ സഹായിച്ച പൂഞ്ഞാർ ബ്ലോഗിനെക്കുറിച്ച് ഈ ആഴ്ച്ചയിലെ ദീപനാളം വാരികയിൽ വന്ന റിപ്പോർട്ട്

# രക്ഷകനായത് 'പൂഞ്ഞാർ ബ്ലോഗ്'

ദീപനാളം

**പൂ**ഞ്ഞാർ: പാഠ്യാനുബന്ധ പ്രവർത്തനങ്ങളായി സ്കൂളുകളിൽ കുട്ടികൾ ചെയ്യുന്ന പ്രവർത്തനങ്ങൾ സാമൂഹികപ്രതിബദ്ധതയുള്ളതാകണം എന്ന ചിന്തയോടെയാണു പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിൽ 'പൂഞ്ഞാർ ന്യൂസ്' എന്ന ഓൺലൈൻ ന്യൂസ് ബ്ലോഗ് പ്രവർത്തിക്കുന്നത്. സ്കൂളിലെ അന്റോണിയൻ ക്ലബിന്റെ നേതൃത്വത്തിൽ, ലിറ്റിൽ കൈറ്റ്സ് ഐ.റ്റി. ക്ലബ്ബിന്റെ പിന്തുണയോടെ നടക്കുന്ന ഈ ഇന്റർനെറ്റ് സേവനത്തിലൂടെ, സ്കൂളിലെ ഒരു വിദ്യാർത്ഥിയുടെ രക്ഷിതാവിനുണ്ടായ അപകടവാർത്ത അപ്പോൾത്തന്നെ മനസ്സിലാക്കി സഹായമെത്തിക്കാൻ സാധിച്ചതിന്റെ ചാരിതാർത്ഥ്യത്തിലാണു കുട്ടികളും അധ്യാപകരും.

സംഭവം ഇങ്ങനെ: പൂഞ്ഞാർ സെന്റ് ആന്റണീസിൽ ആറിലും ഒൻപതിലും പഠിക്കുന്ന കുട്ടികളുടെ പിതാവായ ജിമ്മി, ബസ് കണ്ടക്ടറായി ജോലി ചെയ്യുകയായിരുന്നു. ഒരപകടത്തെത്തുടർന്ന് ജോലി തുടരാനാവാത്തതിനാൽ, ദീർഘദൂരലോറിയിൽ പോവുക പതിവാക്കിയിരുന്നു. മുംബൈ ട്രിപ്പ് കഴിഞ്ഞ് മടങ്ങിവരുന്ന വഴി തൃശൂർ ഗോഡൗണിൽ ലോഡിറക്കി. ഡ്രൈവർ ലോറിയിൽ കിടന്നുറങ്ങിയപ്പോൾ പുറത്തേക്കിറങ്ങിയ ജിമ്മിയെ പാഞ്ഞുവന്ന ഒരു സ്കൂട്ടർ ഇടിച്ചുവീഴ്ത്തി. സംഭവം നടക്കുന്നത് ഇക്കഴിഞ്ഞ സെപ്റ്റംബർ 2 ന് രാത്രി 8.30 ന്.

ചോരയൊലിച്ച് അബോധാവസ്ഥയിൽ കിടക്കുന്ന ആളെക്കണ്ട് ഓടിക്കൂടിയവർ പരിഭ്രമിച്ചു. ഒന്നും ചെയ്യാനാവാതെ എല്ലാവരും പകച്ചുനിന്നപ്പോഴാണ് കേറ്ററിംഗ് സർവ്വീസ് നടത്തുന്ന ചാലക്കുടിക്കാരൻ സിന്റോ സഹായകനാകുന്നത്. കാഴ്ചക്കാരാരും സഹായത്തിനു വന്നില്ലെങ്കിലും ഒരുവിധത്തിൽ ജിമ്മിയെ തൃശൂർ എലൈറ്റ് ആശുപത്രിയിൽ എത്തിച്ചു. അപകടത്തിൽ ജിമ്മിയുടെ ഒരു കാൽ കണ്ണയുടെ മുകളിൽവച്ച് ഒടിയുകയും താടിയെല്ല് പൊട്ടുകയും ചെയ്തിരുന്നു.

അപകടത്തിൽ ഫോൺ തെറിച്ചുപോയതിനാൽ ആളെ തിരിച്ചറിയാൻ കഴിഞ്ഞില്ല. പോക്കറ്റിൽ വിലാസമോ രേഖകളോ ഇല്ല. ഇടയ്ക്കു ബോധം വന്നപ്പോൾ, വീടു പൂഞ്ഞാറാണെന്ന വിവരവും ഒരു ഫോൺ നമ്പരും ലഭിച്ചു. അതിൽ വിളിച്ചിട്ട്, ആദ്യം ആരും ഫോൺ എടുത്തില്ല. ഫേസ്ബുക്കിൽ കയറി പൂഞ്ഞാർ എന്നു സേർച്ച് ചെയ്തു. ആദ്യം ലഭിച്ചത് പൂഞ്ഞാർ സെന്റ് ആന്റണീസ് സ്കൂളിന്റെ ബ്ലോഗായ 'പൂഞ്ഞാർ ബ്ലോഗിന്റെ' ഫേസ്ബുക്ക് പേജാണ്. ആ പേജിലേക്ക് അപകടത്തിൽപ്പെട്ടയാളുടെ ഫോട്ടോയും അത്യാവശ്യവിവരങ്ങളും നൽകി. സിന്റോയുടെ ഫോൺനമ്പരും നൽകിയിരുന്നു.




രാത്രി 8.30 നു സംഭവിച്ച അപകടവിവരം 9.30 ന് സ്കൂളധികൃതരുടെ ശ്രദ്ധയിൽപ്പെട്ടു. ഫോട്ടോ കണ്ടതേ ആളെ തിരിച്ചറിഞ്ഞു. തന്നിരുന്ന നമ്പരിൽ വിളിച്ചപ്പോൾ സിന്റോയെ ലഭിച്ചു. സ്കൂളധികൃതരിലൂടെ, അപകടത്തിൽപ്പെട്ട വ്യക്തിയുടെ വീട്ടിൽ വിവരം അറിഞ്ഞ്, അവർ തൃശൂർക്കു പുറപ്പെട്ടു എന്നുറപ്പുവരുത്തിയിട്ടാണ് സിന്റോ ആശുപത്രി വിട്ടിറങ്ങിയത്. ജിമ്മി ഇപ്പോൾ തൊടുപുഴയിൽ, അസ്ഥിരോഗവിദഗ്ധൻ ഡോ. ഒ. റ്റി. ജോർജിന്റെ ചികിത്സയിലാണ്.

യാതൊരു പരിചയവുമില്ലാതിരുന്നിട്ടും ജോലിത്തിരക്കിനിടയിലും ജിമ്മിയെ കൃത്യസമയത്ത് ഹോസ്പിറ്റലിൽ എത്തിക്കുകയും സോഷ്യൽമീഡിയ വഴി നാട്ടിൽ വിവരമറിയിക്കുകയും ചെയ്ത സിന്റോ എന്ന നല്ല മനുഷ്യൻ നമുക്കു മാതൃകയാണ്.

ഈ നന്മപ്രവൃത്തിക്ക് നിമിത്തമായതിൽ പൂഞ്ഞാർ ബ്ലോഗും അഭിമാനിക്കുന്നു. ഒൻപതു വർഷംമുമ്പ്, പൂഞ്ഞാർ ന്യൂസ് എന്ന പേരിൽ ആരംഭിച്ച ബ്ലോഗ്, കേരളത്തിൽ ആദ്യമായി സ്കൂൾ മേളകളുടെ റിസൽട്ടുകൾ ഓൺലൈനിൽ നൽകിയ വെബ്സൈറ്റുകളിൽ ഒന്നാണ്. പിന്നീട് പൂഞ്ഞാർ ബ്ലോഗ് എന്ന പേരു സ്വീകരിച്ചു.

നന്മ നിറഞ്ഞ പ്രാദേശികവാർത്തകൾ കുട്ടികൾ കണ്ടെത്തി ബ്ലോഗിലൂടെ റിപ്പോർട്ടു ചെയ്തു. പ്രമുഖരുടെ ഇന്റർവ്യൂകൾ നടത്തി. സ്കൂളുകൾക്കും അധ്യാപക - വിദ്യാർത്ഥി - രക്ഷാകർത്തൃസമൂഹത്തിനും ഉപകാരപ്രദമായ വാർത്തകൾ കണ്ടെത്തി ബ്ലോഗിൽ പ്രസിദ്ധീകരിച്ചു. അന്റോണിയൻ ക്ലബ് കോ-ഓർഡിനേറ്റർ ടോണി തോമസ് പുതിയാപറമ്പിലും കൈറ്റ് കോ-ഓർഡിനേറ്റർമാരായ ജാൻസി തോമസ്, സാൻസിയ സെബാസ്റ്റ്യൻ എന്നിവരും നേതൃത്വം നൽകുന്ന ബ്ലോഗ് ടീമിൽ മുപ്പതു കുട്ടികൾ സജീവാംഗങ്ങളായി പ്രവർത്തിക്കുന്നു. ബ്ലോഗ് വിലാസം: www.poonjarblog.blogspot.com

# പൂഞ്ഞാർ സെന്റ് ആന്റണീസ് സ്കൂള് കലോത്സവം





# *THE FOOLISH CROW AND THE CUNNING FOX*

ONCE A CROW SNATCHED A PIECE OF BREAD FROM A SMALL BOY. IT FLEW TO A TREE AND SAT THERE COMFORTABLY TO EAT IT. AT THAT TIME A FOX CAME THAT WAY. HE SAW THE CROW WITH A PIECE OF BREAD. THE SIGHT MADE HIS MOUTH WATER. 'I SHALL BE FOOL THE CROW AND GET THE SLICE FROM HER' SO HE WENT. NEAR THE TREE LOOKED UP AND SAID, HELLO MISS CROW ,HOW BEAUTIFULL YOU ARE!YOUR FEATHERS ARE VERY SOFTLY AND SILKY.THEY SAY YOU ARE A GOOD SINGER TOO!IS IT TRUE?WILL YOU PLEASE SING FOR ME?'THE FOOLISH CROW BELIVED EVERY WORD. SHE OPENED HER MOUTH TO SING DOWN FELLED THE SLICE FROM HER BEAKS!THE CUNNING FOX CAUGHT IT AND ATE IT.LAUGHING AT THE FOOLISH CROW,AND HE WALKED AWAY.

BY:-ANUPAMA REJI

# മഞ്ഞക്കിളിയും തത്തമ്മയും

മുത്താരം കുന്നിലെ ഒരു അഞ്ഞിലിക്കൊമ്പത്ത് ഒരു തത്തമ്മ ഉണ്ടായരുന്നു.കോരിച്ചൊരിയുന്ന മഴയുള്ള ഒരു ദിവസം.മഴ കണ്ടുകണ്ടിരുന്ന് അവൾ ഉറങ്ങിപ്പോയി.ഒരു വലിയ കാറ്റ് ഉണ്ടായപ്പോളാണ് അവൾ ഞെട്ടിയുണർന്നത്.മരങ്ങളെല്ലാം ആടിയുലയുന്നു അവൾ കൂട്ടിൽ പറ്റിച്ചേർന്നിരിന്നു.മഴ തെല്ലുകുറഞ്ഞു.കാറ്റു ശമിച്ചു.അവൾ കൂടിനു വെളിയിലേയ്ക്ക് നോക്കി. മരച്ചില്ലകൾ വിണുകിടക്കുന്നു.അതാ തൻെറ മരത്തിൻെറ ചുവട്ടിലായി ഒരു കിളിക്കുഞ്ഞ് വീണുകിടക്കുന്നു.അതല്ലാതെ നിലവിളിക്കുകയാണ്.അവൾ പറന്ന് ചെന്ന് ആ കുഞ്ഞിനെ കൊത്തിയെടുത്ത് തൻെറ കൂട്ടിലേക്കുകൊണ്ടുവന്നു.കുഞ്ഞേ നീ ഏതാണ്?.ഞാൻ അങ്ങേ മരത്തിലെ മഞ്ഞക്കിളിയുടെ മകളാണ്.

തത്തമ്മ ഒരു നിമിഷം പഴയ കാര്യം ഒർത്തുപോയി.ഒരു പേരയ്ക്കാപ്പഴത്തിനു വേണ്ടി തന്നെയും കുഞ്ഞിനേയും

കൊത്തിക്കൊത്തി മുറിച്ചവളാണ് മഞ്ഞക്കിളി.ആ മഞ്ഞക്കിളിയുടെ കുഞ്ഞാണ് തൻെറയരുകിൽ.......

എങ്കിലും അവൾ തൻെറ ചുണ്ടുകൊണ്ട് അവളെ തോർ ത്തിത്തുടച്ചു.തൻെറ ചിറകിനടിയിലിരുത്തി തണുപ്പകറ്റി.പിന്നെ അവൾക്ക് ഏറ്റവും ഇഷ്ട്മുള്ള പേരയ്ക്ക്പ്പഴവും മൾബറിപ്പഴവും നൽകി.നേരം ഇരുട്ടിത്തുടങ്ങി.ചന്നം പിന്നം മഴ പെയ്ത്കൊണ്ടിരുന്നു.മഞ്ഞക്കിളിയുടെ കരച്ചിൽ.അവൾ തൻെറ കുഞ്ഞിനെ അന്വേഷിച്ചു നടക്കുകയാണ്.മഞ്ഞക്കിളി മഞ്ഞക്കിളി ഇതുവഴി വരൂ.'മഞ്ഞക്കിളി' അവൾ സ്നേഹത്തോടെ വിളിച്ചു.അവൾ നടന്ന കര്യങ്ങൾ എല്ലാം പറഞ്ഞു .

# അമ്മ

അമ്മയാണെൻറ്റ ദൈവം
അമ്മയുടെ  ളുവൽ കരങ്ങളാൽ
എൻെ്  നിറുകയിൽ  തഴുകീടവേ
അമ്മയുടെ നാദസുരം  പോലുള്ള  വാക്കൾ
എൻെ്  ഹൃദയത്തിൽ പതിക്കുബോൾ ഞാൻ
വാനിൽ ചിറക്കുവിരിച്ച് ആനന്ദിക്കുന്നു
അമ്മയുടെ ചാരെ കിടന്നുറങ്ങുവാൻ ഞാൻ


വളരെ ഭാഗ്യവാനാണ്
അമ്മയുടെ ഹൃദയം പഞ്ഞികെട്ടുപോലെ
മൃദുലമാണ്

## Creativity Gallery






By:- Anupama Reji

9-D





by Nels Johnson
VIII B


Don K Jince
class VIII C
Roll. No: 20




by Sandhra Chandhran

*I X D*


by
NELS JOHNSON
VIII B

THANKS TO

-HEAD MASTER Mr.JOSE GEORGE

-TONY THOMAS

-Jancy Thomas LK mistress

-Sansea Sebastian LK mistress

-MAGAZINE EDITORS :

Libin Thomas & Athul James

-AND OTHER LITTLE KITES MEMBERS